**പത്രക്കുറിപ്പ്**
**27-1-2017**

## കുടുംബശ്രീ സമഗ്ര അയൽക്കൂട്ട നവീകരണം: 'ദിശ-2017 എല്ലാവരും അയൽക്കൂട്ടത്തിലേക്ക്' പരിപാടി ഇന്ന് (28.01.2017)

*** മുഖ്യമന്ത്രി, മറ്റു മന്ത്രിമാർ, സ്പീക്കർ, എം.എൽ.എമാർ എന്നിവർ അയൽക്കൂട്ട യോഗങ്ങളിൽ പങ്കെടുക്കുന്നു**

* ട്രാൻസ്ജെൻഡർ, വയോജനങ്ങൾ, പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽ പെട്ടവർ, ന്യൂനപക്ഷം, ശാരീരിക-മാനസിക-ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവർ എന്നിവർക്കായി പ്രത്യേക അയൽക്കൂട്ടങ്ങൾ

തിരുവനന്തപുരം: കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനം സമയബന്ധിതമായി നവീകരിക്കുക എന്ന ലക്ഷ്യത്തോടെ ഇന്ന് (28.01.2017) സംസ്ഥാനതല അയൽക്കൂട്ട സ്വയം നവീകരണവും ഗ്രഡേഷനും സംഘടിപ്പിക്കുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ അയൽക്കൂട്ടങ്ങളും രാവിലെ പത്തു മുതൽ വൈകിട്ട് അഞ്ചു വരെ അയൽക്കൂട്ട യോഗം നടത്തി തങ്ങളുടെ പ്രവർത്തനങ്ങളുടെ മികവും പോരായ്മകളും വിലയിരുത്തും.

പരിപാടിയുടെ ഭാഗമായി മുഖ്യമന്ത്രി പിണറായി വിജയൻ കൊല്ലം ജില്ലയിലെ കുലശേഖരപുരം പഞ്ചായത്തിലെ ഭാഗ്യം, കൈരളി എന്നീ അയൽക്കൂട്ടങ്ങൾ സന്ദർശിക്കും. മന്ത്രിമാരായ ഡോ.കെ.ടി ജലീൽ, എ.കെ ബാലൻ, കടകംപള്ളി സുരേന്ദ്രൻ, ജി.സുധാകരൻ, ശൈലജ ടീച്ചർ, കടന്നപ്പള്ളി രാമചന്ദ്രൻ, മാത്യു ടി.തോമസ്, മേഴ്സിക്കുട്ടിയമ്മ, എ.കെ. ശശീന്ദ്രൻ, കെ. രാജു, സ്പീക്കർ ശ്രീരാമകൃഷ്ണൻ എന്നിവർ വിവിധ ജില്ലകളിലെ അയൽക്കൂട്ടങ്ങൾ സന്ദർശിച്ച് അയൽക്കൂട്ട ശാക്തീകരണത്തിനാവശ്യമായ നിർദേശങ്ങൾ നൽകും. ഇതോടൊപ്പം സംസ്ഥാനത്തെ 116 എം.എൽ.എമാരും അന്നേ ദിവസം വിവിധ അയൽക്കൂട്ട യോഗങ്ങളിൽ പങ്കെടുക്കും.

അയൽക്കൂട്ട പ്രവർത്തനങ്ങളിലെ പോരായ്മകൾ സ്വയം തിരിച്ചറിയുന്നതിനും അതു പരിഹരിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പാക്കുക എന്നതുമാണ് സമഗ്ര അയൽക്കൂട്ട നവീകരണത്തിലൂടെ ലക്ഷ്യമിടുന്നത്. ഇതുപ്രകാരം കാർഷിക-സൂക്ഷ്മസംരംഭ മേഖലകളിൽ കുടുംബശ്രീ വനിതകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ കണ്ടെത്തി പരമാവധി പ്രയോജനപ്പെടുത്തുന്ന വിധത്തിൽ കർമപദ്ധതികൾ രൂപപ്പെടുത്തും. ഈ മേഖലകളിൽ തൊഴിൽ വൈദഗ്ധ്യ പരിശീലനം ആവശ്യമുള്ളവർക്ക് അതു നൽകിക്കൊണ്ട് അയൽക്കൂട്ട വനിതകളെയും അതുവഴി സി.ഡി.എസിനെയും ശാക്തീകരിക്കുന്നതിനാണ് കുടുംബശ്രീയുടെ പുതിയ പരിപാടി.

പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ക്ഷേമത്തിന് കൂടുതൽ ഊന്നൽ നൽകുന്നതിന്റെ ഭാഗമായി ട്രാൻസ്ജെൻഡർ, വയോജനങ്ങൾ, പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽ

പെട്ടവർ, ന്യൂനപക്ഷം, ശാരീരിക-മാനസിക-ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവർ എന്നിവർക്കായുള്ള പ്രത്യേക അയൽക്കൂട്ട രൂപീകരണവും നടത്തും. ഇപ്രകാരം രൂപീകരിക്കുന്ന അയൽക്കൂട്ടത്തിൽ ഉൾപ്പെടുത്തേണ്ടവരുടെ പട്ടിക കുടുംബശ്രീ റിസോഴ്സ് പേഴ്സൺമാരുടെ നേതൃത്വത്തിൽ തയ്യാറാക്കിയിട്ടുണ്ട്.

പ്രത്യേകം തയ്യാറാക്കിയ ഫോർമാറ്റിലാണ് അയൽക്കൂട്ടങ്ങൾ തങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തി ഗ്രേഡ് നിശ്ചയിക്കുക. ഗ്രേഡിങ്ങിൽ പിന്നിലായി പോകുന്ന അയൽക്കൂട്ടങ്ങൾക്ക് തങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താനുള്ള അവസരം കുടുംബശ്രീ ലഭ്യമാക്കും. ഇതോടൊപ്പം നവകേരള മിഷൻ ആസൂത്രണം ചെയ്ത വിവിധ കർമപദ്ധതികൾ നടപ്പാക്കുന്നതിലൂടെ ലഭ്യമാകുന്ന തൊഴിലവസരങ്ങൾ കുടുംബശ്രീ അയൽക്കൂട്ട വനിതകൾക്ക് പരമാവധി പ്രയോജനപ്പെടുത്താൻ കഴിയുന്ന വിധത്തിൽ സി.ഡി.എസ് വാർഷിക കർമപദ്ധതികൾ രൂപീകരിക്കും.തരിശുഭൂമി കണ്ടെത്തി കൃഷിക്ക് ഉപയുക്തമാക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ സംബന്ധിച്ച കർമപദ്ധതിയാകും അയൽക്കൂട്ടങ്ങൾ ജില്ലാമിഷനു സമർപ്പിക്കുക. ഇതു വ്യക്തമായി വിലയിരുത്തിയ ശേഷം അയൽക്കൂട്ടങ്ങൾക്ക് ആവശ്യമായ എല്ലാവിധ പിന്തുണയും നൽകാനാണ് തീരുമാനം.

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**